(ബി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിടുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശിപാർശകൾ അനുവദിക്കാൻ കഴിയില്ല.

(സി) പുതിയ ബസുകൾ പണിത് നിരത്തിലിറക്കുന്ന മുറയ്ക്ക് സൂപ്പർ ക്ലാസ് വിഭാഗത്തിൽ മാറ്റുന്ന ബസുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ തുടങ്ങുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ചെറായി ബീച്ച് - മൂന്നാർ ബസ് സർവ്വീസ്

231 (4566) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ബസ് സർവ്വീസ് പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വീസ് നിർത്തുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ ;

(ഇ) സർവ്വീസ് എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗോശ്രീ പാലം വഴി കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം പെർമിറ്റ് അനുവദിക്കുന്നതിനെതിരെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോടതി വഴി സ്റ്റേ വാങ്ങിയതിനെ തുടർന്ന് ടി സർവ്വീസ് നിർത്തിവയ്ക്കേണ്ടതായി വന്നു.

(സി) പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ 5434 രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ടി സർവ്വീസ് ഇപ്പോൾ 09.20 മൂന്നാർ-എറണാകുളമായി സർവ്വീസ് നടത്തിവരികയാണ്. ലാഭകരമായിട്ടാണ് ഈ സർവ്വീസ് ഇപ്പോൾ നടത്തി വരുന്നത്. ആയതിനാൽ ഈ സർവ്വീസ് ചെറായിലേക്ക് നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൻറം ബസ്സുകൾക്കായി കമ്പനി

232 (4567) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണ മെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗരവികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജൻറം ബസ്സുകളുടെ നടത്തിപ്പിനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം പദ്ധതി പ്രകാരം അനുവദിച്ച ബസ്സുകളുടെ സർവ്വീസ് നടത്തിപ്പ്, ബസ്സുകളുടെ പരിചരണം, ഇവയുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് കെ.യു.ആർ.ടി.സി.-യുടെ ലക്ഷ്യങ്ങൾ.

(സി) കെ.എസ്.ആർ.ടി.സി.യുടേതുപോലെ ഒരു ഭരണ സമിതിയും ഭരണ സംവിധാനവുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ തന്നെയാണ് കെ.യു.ആർ.ടി.സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly